# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4448 17.12.2014-ൽ മറുപടിയ്ക്ക്**

**കാട്ടുകുറ്റി പഞ്ചായത്തിലെ 'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി '**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി :** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വടക്കേച്ചാൽ കുളത്തിനു പകരം കാട്ടുകുറ്റി പഞ്ചായത്തിലെ തന്നെ പതിയംകുളം കെട്ടി സംരക്ഷിക്കുന്നതിനായി അനുമതി മാറ്റി നൽകുന്നതിനുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) പതിയം കുളം കെട്ടി സംരക്ഷിക്കുന്നതിന് അനുമതി നല്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ? | (എ) & (ബി)<br><br>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ചാലക്കുടി മണ്ഡലത്തിലെ വടക്കേച്ചാൽ കുളത്തിനു പകരം കാട്ടുകുറ്റി പഞ്ചായത്തിലെ പതിയംകുളം കെട്ടി സംരക്ഷിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**